നെൽക്കൃഷി ആദായകരമാക്കുന്നതിന് നൽകുന്ന സഹായങ്ങൾ

2 (*208) ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. പി. രാജു :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. സത്യൻ മൊകേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ലാഭകരമല്ലാത്തതും നടത്തിക്കൊണ്ടുപോകാൻ കഴിയാത്തതുമായ പരമ്പരാഗത കൃഷി മാറ്റി മണ്ണിനും സാഹചര്യങ്ങൾക്കും അനുസൃതമായി കൃഷി ചെയ്യുന്നതിന് ആലോചിക്കുന്നുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

(ബി) നെൽക്കൃഷി മെച്ചപ്പെടുത്തുന്നതിനായി നിർദ്ദേശങ്ങൾ സമർപ്പിക്കാൻ നിയോഗിച്ച ഡോക്ടർ കെ. എൻ. ശ്യാമസുന്ദരൻ നായർ കമ്മീഷൻ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഈ റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(സി) നെൽക്കൃഷി ആദായകരമായി നടത്തുന്നതിന് കൃഷിക്കാർക്ക് നൽകിവരുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) മണ്ണിന് മാറ്റം വരുത്താതെ സാഹചര്യങ്ങൾക്ക് അനുസൃതമായി നെൽകൃഷി ലാഭകരമായി മാറ്റുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചു കൊണ്ടിരിക്കുന്നത്. ഇത് സംബന്ധിച്ച് ഡോ. കെ. എൻ. ശ്യാമസുന്ദരൻ നായർ ചെയർമാനായ ഒരു വിദഗ്ദ്ധ സമിതി പഠനം നടത്തിയിട്ടുണ്ട്.

(ബി) ഉണ്ട്. റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ അനുബന്ധമായി കൊടുക്കുന്നു.†

(സി) പ്രധാന നെല്ലുല്പാദന കേന്ദ്രങ്ങളെ അടിസ്ഥാനമാക്കി പതിനൊന്ന് നെൽകൃഷി വികസന ഏജൻസികൾ രൂപീകരിച്ച് അതിന്റെ പരിധിയിൽപ്പെടുന്ന സ്ഥലങ്ങളിലെ നെൽകൃഷി വികസനത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നു. ഹെക്ടറിന് 350 രൂപ നിരക്കിൽ ഉല്പാദന ബോണസ് നല്കുന്നു. ഉല്പാദനോപാധികൾ കാർഷികോപകരണങ്ങൾ എന്നിവ സബ്സിഡി നിരക്കിൽ നല്കുന്നുണ്ട്. വൈദ്യുതി സൗജന്യമായി നല്കുന്നു. ഗുണമേന്മയുള്ള വിത്ത് നല്കുന്നുണ്ട്. ന്യായവില ഉറപ്പുവരുത്തുന്നതിന് നെല്ല് സംഭരണ-സംസ്കരണ പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. തൊഴിലാളി ക്ഷാമം നേരിടുന്ന പ്രദേശങ്ങൾക്കായി കൊയ്ത്തു-മെതി യന്ത്രവും നൽകിവരുന്നുണ്ട്. കൂടാതെ പുഞ്ച, മുണ്ടകൻ സീസണിൽ നെല്ല് സംഭരിക്കുന്നിന് ഹാൻഡിലിംങ് ചാർജ്ജും നൽകുന്നു. മൂന്ന് മോഡേൺ റൈസ് മില്ലുകളും സ്ഥാപിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

---

†അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, നെൽകൃഷി ലാഭകരമായി നടത്തുന്നതിനും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഗവൺമെന്റ് എടുത്തിട്ടുള്ള നടപടികൾ ഇവിടെ വിശദീകരിച്ചു. നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ ഉൽപ്പാദച്ചെലവ് വർദ്ധിക്കുന്നതും ഉൽപ്പാദനക്ഷമത കുറയുന്നതുമായിട്ടാണ് കണ്ടുവരുന്നത്. കാർഷികസർവകലാശാലയുടെ കഴിഞ്ഞ മാസം ചേർന്ന ജനറൽ കൗൺസിൽ യോഗത്തിൽ ഡോ. തോമസ് വർഗ്ഗീസിന് വൈസ് ചാൻസലർ നല്കിയ മറുപടിയിൽ കാർഷികസർവകലാശാലയുടെ നെല്ല് ഗവേഷണ കേന്ദ്രത്തിൽ പോലും ഉൽപ്പാദനം വളരെ കുറഞ്ഞതായി അറിയിച്ചിട്ടുണ്ട്. പട്ടാമ്പിയിൽ ഒരു ഹെക്ടറിൽ 2665 കിലോഗ്രാം, വൈറ്റില ഗവേഷണ കേന്ദ്രത്തിൽ 1717 കിലോഗ്രാം, കായംകുളം ഗവേഷണ കേന്ദ്രത്തിൽ 2337 കിലോഗ്രാം, മണ്ണുടിയിൽ 1878 കിലോഗ്രാം, മാങ്കൊമ്പിൽ 2293 കിലോഗ്രാം, പീലിക്കോട് 2250 കിലോഗ്രാം ഇങ്ങനെ കുറഞ്ഞു വരികയാണ്. വ്യത്യസ്തമായ ഒരു അനുഭവം കൂടി ഞാൻ ഇവിടെ സൂചിപ്പിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ മുക്കംചേരി ഗ്രാമപഞ്ചായത്തിൽ കിഴക്കേ മദാമ്മതോപ്പിൽ ഒരു ഹെക്ടറിൽ 6125 കിലോഗ്രാം നെല്ല് ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞു. അതുകൊണ്ട് നെല്ല് ഉൽപ്പാദനം വർദ്ധിപ്പിക്കാനായിട്ട് തമിഴ്നാട്ടിൽ ചെയ്തതു പോലെ കൂടുതൽ അത്യുൽപ്പാദനക്ഷമതയുള്ള മേൽത്തരം വിത്തുകൾ ഉണ്ടാക്കുന്നതിനുള്ള ഗവേഷണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, കാർഷിക സർവകലാശാലയുടെ കൃഷിയിടങ്ങളിലെ ഉൽപ്പാദനക്ഷമത കുറഞ്ഞുവരുന്നതിന്റെ കാരണം പ്രത്യേകം പരിശോധിക്കേണ്ടതാണ്. എന്നാൽ പ്രധാനമായിട്ടുള്ള നെല്ലുത്പാദനകേന്ദ്രങ്ങൾ എന്നുപറയുന്നത് പാലക്കാട്, തൃശ്ശൂർ, കുട്ടനാട് തുടങ്ങിയവയാണ്. ഈ മേഖലകളിലെ ഉത്പാദനക്ഷമത വർദ്ധിച്ചുവരുന്നതായിട്ടാണ് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. തമിഴ്നാട്ടിലെ സംവിധാനം എന്താണെന്നു പരിശോധിച്ചിട്ട് നമ്മുടെ കേരളത്തിലെ സാഹചര്യങ്ങളനുസരിച്ച് നെൽപാടങ്ങളിൽ ഉപയോഗിക്കാൻ കഴിയുന്ന വിത്തുകളാണെങ്കിൽ അത് വികസിപ്പിച്ചെടുക്കുന്നതിനുള്ള സംവിധാനത്തിന് ഗവൺമെന്റ് നേതൃത്വം കൊടുക്കാൻ തയ്യാറാണ്. പക്ഷെ അവിടെയും കാർഷിക സർവകലാശാലയുടെ കലവറ കൂടാത്ത പിൻതുണ അനിവാര്യമാണെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ഞാൻ പ്രധാനമായിട്ടും ഉത്പാദനക്ഷമതയുള്ള വിത്തിന്റെ കാര്യമാണ് ചോദിച്ചത്. സർ, കാലാവസ്ഥയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ അതുപോലെ പലതരത്തിലുള്ള കെടുതികൾ നമ്മുടെ നെൽക്കൃഷിമേഖലകളിൽ പലപ്പോഴും ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഇതെല്ലാം കണക്കിലെടുത്തുകൊണ്ട് പ്രധാനകൃഷിയായ നെൽകൃഷി നടത്തിക്കൊണ്ടു പോകാൻ കഴിയുന്ന വിധത്തിൽ കൂടുതൽ ആനുകൂല്യങ്ങൾ എത്ര കൊടുത്താലും മതിയാകില്ല. ഇപ്പോൾ കൊടുക്കുന്നതിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. അതുകൊണ്ട് നെൽകൃഷിയുടെ ഉല്പാദനച്ചെലവ് മുഴുവൻ സർക്കാർ തന്നെ വഹിക്കാനുള്ള നടപടി സ്വീകരിക്കുമോ? ജപ്പാനിൽ നൂറു ശതമാനവും സബ്സിഡി കൊടുത്തുകൊണ്ടാണ് നെൽകൃഷി നടത്തികൊണ്ടുപോകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സബ്സിഡി അൽപ്പംപോലും കൊടുക്കരുത് എന്നുപറയുന്ന സാമ്പത്തിക നയമാണ് ഈ രംഗത്ത് നിലനില്ക്കുന്നത്. അതിനകത്താണ് കേരളമെന്നു പറയുന്ന സംസ്ഥാനം. അതുകൊണ്ട് ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്ന സാമ്പത്തികസഹായങ്ങളിൽ എന്തെങ്കിലും ചെറിയ മാറ്റം വരുത്താൻ കഴിയുമോ എന്ന് ഗവൺമെന്റ് പരിശോധിക്കുന്നതാണ്. ഉല്പാദനച്ചെലവ് പൂർണ്ണമായിട്ട് നൽകാൻ ഒരു സർക്കാരിനു കഴിയുകയില്ല. അത് സാധ്യമല്ല.

ശ്രീ. പി. രാജു : സർ, നെൽക്കൃഷി മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള നിർദ്ദേശം സമർപ്പിക്കുന്നതിനായി നിയോഗിച്ച ഡോക്ടർ ശ്യാമസുന്ദരൻ നായർ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിൽ കേരളത്തിലെ നെൽവയലുകളുടെ ഉല്പാദനക്ഷമത ഒരു ഹെക്ടറിൽ രണ്ടായിരം കിലോഗ്രാം എന്നാണ് കണക്കാക്കിയിരിക്കുന്നത്. അത് 2010-ാം ആണ്ടോടുകൂടി ഒരു ഹെക്ടറിൽ 3500 കിലോഗ്രാമായി വർദ്ധിപ്പിക്കണമെന്നാണ് ഒരു നിർദ്ദേശമായിട്ട് വന്നിട്ടുള്ളത്. ഇതിന് ഇന്ന് നൽകുന്ന സബ്സിഡി 350 ഉറുപ്പികയാണ്. സർ, ശ്യാമസുന്ദരൻ നായർ കമ്മീഷൻ റിപ്പോർട്ടിൽ സൂചിപ്പിച്ച മാതിരി ഒരു ഏക്കറിന് ആയിരം ഉറുപ്പിക വീതം സബ്സിഡി കൊടുക്കുന്നതിനെക്കുറിച്ച് പരിശോധിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : നമ്മുടെ സംസ്ഥാനത്തുള്ള നെൽപ്പാടങ്ങളിൽ മുപ്പത്തിയഞ്ചു ശതമാനംപ്രദേശങ്ങളിൽ മാത്രമാണ് അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങൾ കൃഷിചെയ്യുന്നത്. അവശേഷിക്കുന്ന പ്രദേശങ്ങളിൽ ഇപ്പോഴും പഴയ വിത്തിനങ്ങളാണ് കൃഷിചെയ്യുന്നത്. അതുകൊണ്ട് പടിപടിയായിട്ട് അറുപത് ശതമാനം പ്രദേശങ്ങളിലെങ്കിലും അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങൾ വരുന്ന രണ്ടു വർഷങ്ങളിൽ കർഷകരെക്കൊണ്ട് കൃഷി ചെയ്യിപ്പിക്കുന്നതിനുള്ള ശ്രമത്തിലാണ് ഗവൺമെന്റ്. പടിപടിയായിട്ട് അത് നൂറു ശതമാനമാക്കി മാറ്റേണ്ടതുണ്ട്. ഇവിടെ ഡോക്ടർ ശ്യാമസുന്ദരൻനായർ കമ്മീഷൻ റിപ്പോർട്ടിനകത്ത് പറയുന്ന നിർദ്ദേശങ്ങൾ എത്രകണ്ട് സംസ്ഥാനഗവൺമെന്റിന് നടപ്പിലാക്കാൻ കഴിയുമെന്നതിനെ സംബന്ധിച്ച് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. അത് പരിശോധിച്ചു കഴിഞ്ഞതിനുശേഷം മാത്രമേ ഒരു നിലപാടെടുക്കാൻ കഴിയൂ.

ശ്രീ. പി. രാജു : സർ, കേരള സംസ്ഥാനത്ത് ചില പ്രദേശങ്ങളിൽ പ്രത്യേകിച്ച് താഴ്ന്ന പ്രദേശങ്ങളിൽ നെൽകൃഷിയും മറ്റു കൃഷിയും അടിസ്ഥാനമാക്കിയുള്ള സംയോജിത കൃഷിയാണ് നടത്തിവരുന്നത്. കുട്ടനാട്, എറണാകുളം, തൃശ്ശൂർ, ആലപ്പുഴ, തുടങ്ങിയ ജില്ലകളിലെ പൊക്കാളി പാടശേഖരങ്ങൾ ഒരുപ്പു കൃഷി കഴിഞ്ഞാലുടൻ മൽസ്യക്കൃഷി നടത്തുകപതിവാണ്. ആറുമാസം നെൽക്കൃഷിയും ആറുമാസം മൽസ്യക്കൃഷിയുമാണ് നടത്തുന്നത്. ഇതിനാവശ്യമായ സംവിധാനം പൂർണ്ണമായിട്ടും ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. നെൽക്കൃഷിരംഗം ഇന്ന് നഷ്ടത്തിലാണ്. ഉല്പാദനച്ചെലവുമായി ബന്ധപ്പെടുത്തി നോക്കുമ്പോൾ നെൽക്കൃഷിക്ക് വേണ്ടത്ര വരുമാനം കിട്ടുന്നില്ല എന്ന പരാതി കൃഷിക്കാർക്ക് പൊതുവെ ഉള്ളതാണ്. അതുകൊണ്ടു ലാഭമുണ്ടാക്കുന്നതിന് അവരുടെ നെല്ലുല്പാദനവുമായി

LIBRARY ARCHIVES Kerala Legislative Assembly

ബന്ധപ്പെട്ടു ചെലവാകുന്ന പണം തിരിച്ചു കിട്ടുന്നതിനുവേണ്ടിയുള്ള ഒരു മാർഗ്ഗമായിട്ടാണ് മൽസ്യകൃഷി നടത്തുന്നത്. അതുകൊണ്ട് നെൽക്കൃഷി കഴിഞ്ഞ് ഒഴിഞ്ഞുകിടക്കുന്ന ആറു മാസം മൽസ്യക്കൃഷി നടത്താനാവശ്യമായ നടപടിക്ക്, സംയോജിത കൃഷി നടപ്പിലാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ; അതിനാവശ്യമായ നിയമനിർമ്മാണം നടത്തുമോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, ഈ കമ്മീഷന്റെ ഒരു ശുപാർശ ഒരു നെൽക്കൃഷി, ഒരു മൽസ്യക്കൃഷിയെന്നുള്ളതാണ്. ഇത് പ്രാവർത്തികമാക്കുന്നതിന് വിവിധ തലങ്ങളിലുള്ള ചർച്ചകൾ ആവശ്യമാണ്. വിവിധ തലങ്ങളിലുള്ള ചർച്ചകളുടെ ഒരു യോജിച്ച അഭിപ്രായം രൂപീകരിക്കാനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. അതിനുശേഷം ഈ നിർദ്ദേശം നടപ്പിലാക്കാൻ കഴിയുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) : സംസ്ഥാനത്ത് നെൽകൃഷി വികസന ഏജൻസികൾ രൂപീകരിച്ച് പ്രവർത്തനം നടത്തുന്നുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ പറഞ്ഞിട്ടുണ്ട്. ഇത് ഏതൊക്കെ ജില്ലകളിലാണെന്ന് വിശദീകരിക്കാമോ? അതോടൊപ്പം ഏറ്റവും കൂടുതൽ നെല്ല് ഉൽപ്പാദിപ്പിക്കുന്ന കർഷകർക്ക് ഉൽപ്പാദന ബോണസ് പ്രഖ്യാപിച്ചിട്ടുണ്ടല്ലോ. ആ ബോണസ് യഥാസമയം കർഷകർക്ക് കിട്ടുന്നില്ല എന്ന ആക്ഷേപം നില നിൽക്കുന്നുണ്ട്. അതു പരിശോധിച്ച് യഥാസമയം കർഷകർക്ക് ബോണസ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : 11 നെൽകൃഷി വികസന ഏജൻസികൾ രൂപീകരിച്ചിട്ടുള്ളത് ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കണ്ണൂർ തുടങ്ങിയ ജില്ലകളിലാണ്. കേരളത്തിലെ പ്രധാനപ്പെട്ട നെൽകൃഷിയിടങ്ങളുടെ വിസ്തൃതിയുടെ അടിസ്ഥാനത്തിലാണ് അതാത് പ്രദേശങ്ങളിലെ നെൽകൃഷി വികസനത്തിനും സംരക്ഷണത്തിനും ആവശ്യമായിട്ടുള്ള നെൽകൃഷി വികസന ഏജൻസികൾ രൂപീകരിച്ചിട്ടുള്ളത്. ഈ ജില്ലകളിലായിട്ടാണ് 11 ഏജൻസികളും ഇപ്പോൾ പ്രവർത്തിച്ചു വരുന്നത്. കർഷകനുള്ള എല്ലാ ആനുകൂല്യങ്ങളും ഒന്നിപ്പിച്ചുകൊണ്ടുള്ള, 250 രൂപയാണ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പ്രൊഡക്ഷൻ ബോണസായി കൊടുത്തിട്ടുള്ളത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷമാണ് നൂറു രൂപ വർദ്ധിപ്പിച്ച് അത് 350 രൂപയാക്കിയിട്ടുള്ളത്. ആ തുക സമയബന്ധിതമായിത്തന്നെ കർഷകന് നൽകാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കും.

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : നമ്മുടെ സംസ്ഥാനത്ത് വൈദ്യുതി സൗജന്യമായി നൽകുമെന്ന് ബഹുമാനപ്പെട്ട മന്ത്രി മറുപടിയിൽ പറയുകയുണ്ടായി. എന്നാൽ കാസർകോഡ് ജില്ലയിൽ, വൈദ്യുതി കൂടുതലായൊന്നും എത്താത്ത സ്ഥലങ്ങളിൽ, ഇപ്പോൾ രണ്ടാം വിള കൃഷി നടക്കുന്ന സന്ദർഭമാണ്. മണ്ണെണ്ണയെ മാത്രം ആശ്രയിച്ചാണ് നെൽകൃഷി നടക്കുന്നത്. ഒരു ഏക്കറിന് 10 ലിറ്റർ മണ്ണെണ്ണയാണ് ഇപ്പോൾ നൽകുന്നത്. നെൽകൃഷിക്കും, തെങ്ങിനും, കവുങ്ങിനും, പച്ചക്കറിക്കും കൂടിയാണ് ഈ 10 ലിറ്റർ മണ്ണെണ്ണ നൽകുന്നത്. കേരളത്തിൽ വിവിധതരത്തിലുള്ള കൃഷിക്ക്

LIBRARY ARCHIVES Kerala Legislative Assembly

വ്യത്യസ്ത രീതിയിലുള്ള മണ്ണാണ് ആവശ്യമുള്ളത്. അതുകൊണ്ട് തന്നെ ഈ നിലയ്ക്ക് നൽകുന്ന ഈ 10 ലിറ്റർ മണ്ണെണ്ണ എന്നത് വർദ്ധിപ്പിക്കുവാൻ ഈ കാർഷികമേഖലയെ സമ്പന്നമാക്കാൻ ഉതകുന്ന രീതിയിൽ ഭക്ഷ്യവകുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് ഒരു സംവിധാനം ഏർപ്പെടുത്തുവാൻ, നടപടി സ്വീകരിക്കുമോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ബഹുമാനപ്പെട്ട അംഗം ഒരു നിവേദനം തരികയാണെങ്കിൽ ബഹുമാന്യനായ ഭക്ഷ്യവകുപ്പു മന്ത്രിയുമായി ചർച്ച ചെയ്ത് ഈ പ്രശ്നങ്ങളിൽ എങ്ങനെ സഹായിക്കാൻ കഴിയുമെന്നുള്ളത് ആലോചിക്കാം.

ശ്രീമതി ആർ. ലതാദേവി : നമ്മുടെ സംസ്ഥാനത്ത് നെൽകൃഷി വികസനത്തിനുവേണ്ടി ഗവൺമെന്റ് കൈക്കൊണ്ടിരിക്കുന്ന നടപടികളെ ഞാൻ സ്വാഗതം ചെയ്യുകയാണ്. എന്നാൽ കേരള നിയമസഭയുടെ, കൃഷിയും സംയോജിത ഗ്രാമവികസനവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി, നമ്മുടെ ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥൻമാരുമായും കാർഷിക സർവ്വകലാശാല ശാസ്ത്രജ്ഞൻമാരുമായും ചർച്ചകൾ നടത്തിയപ്പോൾ മനസ്സിലാക്കാൻ സാധിച്ചത് പുതിയതായി നെൽവിത്തിനങ്ങൾ നമ്മുടെ സംസ്ഥാനത്ത് വികസിപ്പിച്ചെടുക്കാൻ സാധിക്കും എന്നാണ്. എങ്കിൽ പോലും ആ വിത്തിനങ്ങൾ മൾട്ടിപ്ലൈ ചെയ്ത്, കർഷകന് ഈ ഗവേഷണങ്ങളുടെ ഗുണഫലം എത്തിക്കുന്നതിന് വളരെ അധികം പോരായ്മകളും അപര്യാപ്തതകളും ദീർഘനാളായി കേരളത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ, നമ്മുടെ കാർഷിക ഗവേഷകർ കണ്ടെത്തിയിട്ടുള്ള നല്ല വിത്തിനങ്ങൾ മൾട്ടിപ്ലൈ ചെയ്യുന്നതിനുവേണ്ടി ഈ ഗവൺമെന്റ് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ, അല്ലെങ്കിൽ സ്ഥലത്തിന്റെ വിസ്തീർണ്ണം എത്ര, അതിൽനിന്ന് പ്രതിവർഷം ഈ നെൽവിത്തിനങ്ങളുടെ ഉൽപ്പാദനം എത്രത്തോളമാണ് ഗവൺമെന്റ് ലക്ഷ്യം വയ്ക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : കാർഷിക സർവ്വകലാശാല കാലാകാലങ്ങളിൽ വികസിപ്പിച്ചെടുക്കുന്ന വിത്തിനങ്ങൾ കർഷകരിലേക്ക് എത്തിക്കുന്നതിന് വളരെയേറെ കാലതാമസം ഉണ്ടാകുന്നുണ്ട്. ചില പ്രദേശങ്ങളിലുള്ള വിത്തിനങ്ങൾ കാർഷിക സർവ്വകലാശാല തന്നെ അംഗീകരിക്കുന്നില്ല. പാലക്കാട് ജില്ലയിൽ ചിറ്റൂർ പ്രദേശത്ത് അവിടത്തെ കർഷകർ എത്രയോ വർഷങ്ങളായി കൃഷിചെയ്തുവരുന്ന അത്യുൽപ്പാദനശേഷിയുള്ള നല്ല വിത്തിനങ്ങൾ ഉണ്ട്. പക്ഷേ അത് കാർഷിക സർവ്വകലാശാലയുടെ പട്ടികയിൽ ഇല്ല. ആ പ്രദേശത്തെ കർഷകർ വികസിപ്പിച്ചെടുത്തതാണ്. അത്തരം വിത്തിനങ്ങൾ കൂടി സമയബന്ധിതമായി ശേഖരിച്ച് കൃഷിക്കാർക്ക് സമയത്തിന് വിതരണം ചെയ്യാൻ കഴിയുന്ന രീതിയിൽ അത് ഉൽപ്പാദിപ്പിക്കുന്നതിനും ശേഖരിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമായി ഒരു ഏജൻസി രൂപീകരിക്കുവാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. അതിന്റെ നടപടികൾ ഏകദേശം പൂർത്തിയായിരിക്കുകയാണ്. ഇതിന്റെ ഭാഗമായി ഗുണമേന്മയുള്ള വിത്ത് ന്യായമായ വിലയ്ക്ക് കൃഷിക്കാരന് ലഭ്യമാക്കുക എന്നുള്ളത് ഉറപ്പുവരുത്തും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി ആർ. ലതാദേവി : നെൽകൃഷി വികസനം ഉദ്ദേശിച്ചുകൊണ്ട് പാഡിബോർഡ് രൂപീകരിക്കും, അതിനുവേണ്ടിയുള്ള നടപടികൾ ഗവൺമെന്റ് കൈക്കൊണ്ടിരിക്കുകയാണ് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഈ പാഡി ബോർഡ് താമസംവിന രൂപീകരിക്കുന്നതിനും റബ്ബർ ബോർഡ്, റബ്ബർ കർഷകർക്ക് നൽകുന്ന വായ്പകൾ പോലെ, ദീർഘകാലാടിസ്ഥാനത്തിൽ ഈ നെൽ കർഷകർ വിത്ത് ഇറക്കുന്ന അവസരം മുതൽ വിള എടുക്കുന്നതുവരെ, അതും പിന്നെ അടുത്ത വിള കൃഷി ചെയ്യുന്നതിന് സഹായകരമായിട്ടുള്ള രീതിയിലും ദീർഘകാലാടിസ്ഥാനത്തിലുള്ള വായ്പകൾ നെൽകൃഷിക്കാർക്ക് കൊടുക്കുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : നെൽകൃഷി വികസനബോർഡ് രൂപീകരിക്കണം എന്നുള്ളതുതന്നെയാണ് ഗവൺമെന്റിന്റെ ലക്ഷ്യം. അതിനാവശ്യമായ നടപടികൾ പൂർത്തീകരിച്ചു വരികയാണ്. വളരെ വൈകാതെ തന്നെ അത് രൂപീകരിച്ച് ഉത്തരവിറക്കാൻ കഴിയും എന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്. റബ്ബർ ബോർഡ് വഴി റബ്ബർ കർഷകർക്ക് കൊടുക്കുന്നതു പോലെയുള്ള സാമ്പത്തിക സഹായം നെൽകർഷകർക്കും കൊടുക്കണമെന്നു തന്നെയാണ് ഗവൺമെന്റും ആഗ്രഹിക്കുന്നത്. പക്ഷേ അതിന്റെ സാദ്ധ്യതകളെ കുറിച്ചു ആലോചിച്ച് തീരുമാനമെടുക്കേണ്ടതുണ്ട്.

ശ്രീ. കെ. എം. മാണി : കായൽ കോൾ നിലങ്ങളിലെ നെൽകൃഷിക്ക് പമ്പിംഗ് സബ്സിഡി ഗവൺമെന്റ് കൊടുക്കുന്നുണ്ട്. പക്ഷേ അത് മുഴുവനായ അളവിൽ കിട്ടുന്നില്ല എന്ന പരാതി ഉണ്ട്. അത് എന്തോ ആയിക്കൊള്ളട്ടെ. ഈ പമ്പിംഗ് സബ്സിഡി നിശ്ചയിച്ചത് പത്ത്, പതിനഞ്ച് വർഷങ്ങൾക്കുമുമ്പാണ്. അതിനുശേഷം ചെലവുകൾ കൂടിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പമ്പിംഗ് സബ്സിഡി പുനർനിർണ്ണയം ചെയ്യുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ; അതു മുഴുവനായ അളവിൽ കൊടുക്കുന്നതിന് ഗവൺമെന്റ് ആവശ്യമായ നടപടികൾ കൈക്കൊള്ളുമോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : പമ്പിംഗ് സബ്സിഡി വർഷങ്ങൾക്കു മുമ്പുതന്നെ നിശ്ചയിച്ചതാണ്. അതിൽ 6 ഘടകങ്ങളാണുള്ളത്. ഒന്ന് വൈദ്യുതിയാണ്. വൈദ്യുതി പൂർണ്ണമായും സൗജന്യമായിട്ടാണ് കൊടുക്കുന്നത്. എന്നാൽ ബാക്കിവരുന്ന അഞ്ചു ഘടകങ്ങളിൽ കാലാനുസൃതമായി വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ആ വർദ്ധനവ് അനുസരിച്ച് പമ്പിംഗ് സബ്സിഡി ഉയർത്തുന്നതിനായി പഠനം നടത്തുന്നതിന് ഒരു കമ്മിറ്റിയെ ഗവൺമെന്റ് നിയോഗിച്ചിട്ടുണ്ട്. ആ കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടിയാലുടൻ തന്നെ പമ്പിംഗ് സബ്സിഡി വർദ്ധിപ്പിക്കുവാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

ശ്രീ. എ. കണാരൻ : നെല്ലുൽപാദനം വർദ്ധിപ്പിക്കുക, നെൽകൃഷി സംരക്ഷിക്കുക, നെൽകൃഷിയുമായി ബന്ധപ്പെട്ട ലക്ഷക്കണക്കിന് തൊഴിലാളികളെ ആ ജോലിയിൽ നിന്ന് പറിച്ചെറിയാതിരിക്കുക എന്ന ഉദ്ദേശത്തെ അടിസ്ഥാനപ്പെടുത്തിക്കൊണ്ട് കർഷക തൊഴിലാളി സംഘടനകളുടെ നേതൃത്വത്തിൽ രാജ്യസ്നേഹപരമായ ഒരു ധർമ്മ സമരം ഇവിടെ ആരംഭിച്ചിട്ടുണ്ട്.

ആ സമരത്തിന്റെ ഫലമായി വലിയ ഒരു കൊടുംകാറ്റാണ് ആഞ്ഞടിച്ചത്. അതിന്റെ ഫലമായി ഗവൺമെന്റ്, മുഖ്യമന്ത്രിയും കൃഷിവകുപ്പുമന്ത്രിയും കൂടിച്ചേർന്ന്, ഈ പ്രശ്നങ്ങൾ പരിശോധിച്ച് സമഗ്രമായ ഒരു റിപ്പോർട്ട് സമർപ്പിക്കുവാൻ വേണ്ടി ശ്യാമസുന്ദരൻ നായർ കമ്മിറ്റിയെ അധികാരപ്പെടുത്തിയിട്ടുണ്ട്. ആറുമാസമാണ് അതിൽ കാലാവധി പറയുന്നത്. ആ റിപ്പോർട്ട് കൈയ്യിൽ കിട്ടിയോ ; ഗവൺമെന്റ് അത് അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തിയോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ഗവൺമെന്റ് നിയോഗിച്ച ഉന്നതാധികാര കമ്മീഷന്റെ റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചിട്ടുണ്ട്. ആ റിപ്പോർട്ടിന്റെ വിവിധവശങ്ങളെ സംബന്ധിച്ച് ഗവൺമെന്റ് പരിശോധിച്ചു കൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. എ. ചന്ദ്രൻ : നെൽകൃഷി ലാഭകരമല്ല എന്ന് ഗവൺമെന്റ് നിഗമനത്തിൽ എത്തിയതുകൊണ്ടാണ് ഉൽപ്പാദന ബോണസ്സായ 250 രൂപ പിന്നീട് 350 രൂപയായി വർദ്ധിപ്പിച്ചത്. കഴിഞ്ഞ ബഡ്ജറ്റിൽ അത് 1000 രൂപയായി വർദ്ധിപ്പിച്ചതായി ഈ സഭയിൽ ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്. മുമ്പേ നൽകാം എന്ന് പ്രഖ്യാപിച്ച മുഴുവൻ സംഖ്യയും കർഷകന് കിട്ടിയിട്ടില്ല. ഗവൺമെന്റ് ജില്ലകൾക്ക് അനുവദിച്ച സംഖ്യ യഥാസമയം വിതരണം ചെയ്യുന്നില്ല. ഈ 1000 രൂപവച്ച് നൽകാമെന്ന് പ്രഖ്യാപിച്ചത് സംബന്ധിച്ച് യാതൊരു നടപടിയും ഇതുവരെ ഉണ്ടായിട്ടില്ല. അതിന് കാലതാമസം എന്താണ്; കഴിയും വേഗം ഈ 1000 രൂപ വച്ചുള്ള ഉൽപ്പാദന ബോണസ് ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ഉൽപ്പാദന ബോണസ് വർദ്ധിപ്പിക്കണമെന്ന് തന്നെയാണ് ഗവൺമെന്റിന്റെ ആഗ്രഹം. അത് എങ്ങനെ വർദ്ധിപ്പിച്ച് നൽകാൻ കഴിയുമെന്നുള്ളതിനെക്കുറിച്ച് ആലോചിക്കുകയാണ്. രണ്ടാമത്തെ പ്രശ്നം, പ്രൊഡക്ഷൻ ബോണസ് ജില്ലകൾക്കാണ് നൽകുന്നത്. ജില്ലകൾക്ക് നൽകി കഴിഞ്ഞാൽ അത് ഗ്രാമപഞ്ചായത്തുകൾ വഴിയാണ് കർഷകന് നൽകേണ്ടത്. അപ്പോൾ ജില്ലകളിൽ കൊടുത്തു കഴിഞ്ഞാൽ ഗ്രാമപഞ്ചായത്തുകൾക്ക് കൊടുക്കുന്നു. കർഷകന് അത് യഥാസമയം കൊടുക്കുന്നുവെന്ന് ഉറപ്പ് വരുത്താനുള്ള പരിശോധന ഗവൺമെന്റ് നടത്തുന്നതാണ്.

ഡോ. കെ. സി. ജോസഫ് : നെൽകൃഷിയുടെ ബുദ്ധിമുട്ടിനെക്കുറിച്ച്, ഇവിടെ അഭിപ്രായ വിത്യാസമില്ലാത്ത ഒരു കാര്യമാണ്. ഭക്ഷ്യോല്പാദനത്തിന്റെ ഉല്പാദനമെന്നുള്ള നിലയിൽ അതിന് പ്രത്യേക പരിഗണന കൊടുക്കണമെന്ന് എല്ലാവരും വാദിക്കുന്നുണ്ട്. എന്നാൽ ഓരോ വർഷം കഴിയുന്തോറും നെൽകൃഷി ബുദ്ധിമുട്ടിലേക്ക് പോകുന്നു. ഇപ്പോൾ അധികാരവികേന്ദ്രികരണം വന്നപ്പോൾ പ്രൊഡക്ഷൻ ബോണസ് ഒഴിച്ച് ബാക്കിയെല്ലാം സബ്സിഡിയും കൊടുക്കുന്നതിനുള്ള പണം ഗ്രാമപഞ്ചായത്തുകൾക്കുള്ള പ്ലാൻ വിഹിതത്തിൽ നിന്നാണ് കൊടുക്കേണ്ടി വരുന്നത്. ഉല്പാദന മേഖലയ്ക്കുവേണ്ടി അതിന്റെ 40 ശതമാനം മാത്രമേ ചെലവഴിക്കാൻ കഴിയൂ. പ്രത്യേക പ്രശ്നങ്ങളുള്ള പഞ്ചായത്തുകളിൽ 40 ശതമാനം ഫണ്ട് കൃഷിക്കാർക്ക്

LIBRARY ARCHIVES Kerala Legislative Assembly

നൽകാൻ വേണ്ടി നൽകി. അതിന്റെ 10 ശതമാനം പോലും ഇപ്പോൾ കൊടുക്കാൻ കഴിയുന്നില്ലെന്ന വസ്തുത ഗവൺമെന്റ് മനസ്സിലാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രത്യേക പ്രശ്നങ്ങളുള്ള നെൽകൃഷി മേഖലയിലുള്ള നെൽകൃഷിക്കാർക്ക് ആനുകൂല്യങ്ങൾ നൽകുന്നതിനു വേണ്ടിയുള്ള എന്തെങ്കിലും ഒരു പദ്ധതി കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ഡോ. ശ്യാമസുന്ദരൻ നായർ കമ്മിഷൻ ശുപാർശയിൽ 54 ബ്ലോക്കുകളിലെ നെൽകൃഷിക്കാരെ സ്റ്റേറ്റ് തലത്തിൽ സംരക്ഷിക്കപ്പെടേണ്ടതും മറ്റ് നെൽകൃഷിക്കാരെ ഗ്രാമപഞ്ചായത്തുകളുടെ സംരക്ഷണത്തിന് വിട്ടുകൊടുക്കണമെന്നുമാണ് നിർദ്ദേശിച്ചിട്ടുള്ളത്. അതിന്റെ എല്ലാവശങ്ങളെ സംബന്ധിച്ചും പരിശോധിച്ച് ആ റിപ്പോർട്ട് പ്രാവർത്തികമാക്കുമ്പോൾ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഈ 54 ബ്ലോക്കുകളിലെ കേരളത്തിലെ പ്രധാനപ്പെട്ട ഡനൽകൃഷി മേഖല സംരക്ഷിക്കുന്നതിനാവശ്യമായ ചില നടപടികൾ സ്വീകരിക്കും.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : നമ്മുടെ കാർഷിക യൂണിവേഴ്സിറ്റി ഗവേഷണ കേന്ദ്രങ്ങൾ വഴി കാലാകാലങ്ങളിൽ പുതിയ ഇനം വിത്തുകൾ പുറത്തിറക്കുന്നുണ്ട്. കുറേക്കഴിയുമ്പോൾ പിന്നെ അവയെപ്പറ്റി കേൾക്കാനില്ല. അതുകൊണ്ട് യഥാർത്ഥത്തിൽ നമ്മുടെ കാലാവസ്ഥയ്ക്കനുസരണമായ കൃഷിക്കാർക്ക് പ്രായോജനകരമായ വിത്തുകൾ എന്താണെന്നുള്ളതിനെ സംബന്ധിച്ച് ഒരു പുനർനിർണ്ണയം ചെയ്തു പ്രഖ്യാപിക്കാൻ തയ്യാറുണ്ടോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതു പോലെ ഒരു നിർദ്ദേശം ഗവൺമെന്റ് കാർഷിക സർവ്വകലാശാലയ്ക്ക് ഇതിനകം തന്നെ നൽകിയിട്ടുണ്ട്. ചില വിത്തുകൾ നമുക്ക് ഉപയോഗിക്കാൻ കഴിയുന്നില്ല. കുട്ടനാട്ടിൽ പ്രത്യേകമായി നെൽകൃഷിക്ക് കണ്ടുവരുന്ന കുഴൽ രോഗങ്ങളെ അതിജീവിക്കാൻ കഴിയുന്ന പുതിയ വിത്തിനങ്ങൾ ആവശ്യമാണ്. അത്തരം വിത്തിനങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനും അത് സമയത്തുതന്നെ കൃഷിക്കാർക്ക് നൽകുന്നുതിനും ആവശ്യമായ നടപടികൾ കാർഷിക സർവ്വകലാശാല സ്വീകരിക്കണമെന്ന് കാർഷിക സർവ്വകലാശാലയോട് ഗവൺമെന്റ് അഭ്യർത്ഥിച്ചിട്ടുണ്ട്.

ശ്രീ. പി. രാഘവൻ : ഈ ഗവൺമെന്റ് വന്നതിനുശേഷം നെൽകൃഷി സംരക്ഷിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനും ഗവൺമെന്റും ബഹുമാനപ്പെട്ട മന്ത്രിയും ഒരുപാട് കാര്യങ്ങൾ ചെയ്തിട്ടുണ്ട്. അതോടൊപ്പം നെൽപ്പാടങ്ങളുടെ വിസ്തീർണ്ണം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. നിലവിലുള്ള നിയമം നടപ്പിലാക്കുന്നതിൽ ഉദ്യോഗസ്ഥന്മാർ വേണ്ടത്ര താല്പര്യം കാണിക്കാത്തതാണ് അതിലെ പ്രശ്നം. അതുകൊണ്ട് ഒന്നുകിൽ ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ അല്ലെങ്കിൽ ജില്ലാടിസ്ഥാനത്തിൽ ഒരു കമ്മിറ്റി ഉണ്ടാക്കി നെൽപാടങ്ങൾ നികത്തുന്നതിനെതിരായി ശക്തമായ നടപടിയെടുക്കാനും കൃഷിയിടം സംരക്ഷിക്കാനും ആവശ്യമായ നടപടിയെടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : നെൽപ്പാടങ്ങൾ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികളെടുക്കുന്നതിന് പഞ്ചായത്ത് അടിസ്ഥാനത്തിൽ പഞ്ചായത്ത് പ്രസിഡന്റിനേയും മറ്റ് ജനപ്രതിനിധികളേയും കർഷകസംഘടനാ പ്രതിനിധികളേയും കർഷകത്തൊഴിലാളി സംഘടനകളുടെ പ്രതിനിധികളേയും ഉൾപ്പെടുത്തിക്കൊണ്ട് ഒരു കമ്മിറ്റി രൂപീകരിക്കുന്നതിന് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്.

കശുമാവ് കൃഷി വ്യാപിപ്പിക്കുവാൻ നടപടി

3 (*209) ശ്രീ. ടി. കെ. നൗഷാദ് :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീമതി എൻ. കെ. രാധ :
ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ഹെക്ടർ സ്ഥലത്താണ് കശുമാവ് കൃഷി നടത്തിവരുന്നതെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്ത് പുതുതായി കശുമാവ് കൃഷി എത്ര ഹെക്ടറിലേയ്ക്കു കൂടി വ്യാപിപ്പിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) കശുമാവ് കൃഷിക്കാർക്ക് സർക്കാർ നൽകിവരുന്ന ആനുകൂല്യങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) കശുമാവ് കൃഷിയിലേയ്ക്ക് കൂടുതൽ കൃഷിക്കാരെ ആകർഷിക്കുന്നതിനായി എന്തെങ്കിലും പുതിയ പദ്ധതിക്ക് രൂപം നൽകാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ വിശദാംശം വിശദീകരിക്കുമോ ;

(ഇ) സംസ്ഥാനത്ത് കശുമാവ് വികസന കൗൺസിലിന്റെ രൂപീകരണം ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) കൗൺസിലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

(ജി) കശുമാവുകൾ പൂത്തുകഴിഞ്ഞാൽ പൂർണ്ണമായും നശിപ്പിക്കുന്ന രീതിയിലുള്ള കീടബാധ വ്യാപകമായി വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കശുമാവ് കായ്കളെ കീടങ്ങളിൽനിന്നും സംരക്ഷിക്കുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ,

(എ) 1998-ലെ കണക്കനുസരിച്ച് സംസ്ഥാനത്ത് 85123 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി ചെയ്തുവരുന്നു.

(ബി) ഈ സാമ്പത്തിക വർഷം കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഭാഗമായി 270 ഹെക്ടറിലും സംസ്ഥാന പദ്ധതിയുടെ ഭാഗമായി 2405 ഹെക്ടറിലും കശുമാവ് കൃഷി പുതിയതായി വ്യാപിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[22-12-1999-ലെ നക്ഷത്രചിഹ്നമിട്ട 2 (* 208)-ാം നമ്പർ ചോദ്യം ദയവായി കാണുക]

ശുപാർശകൾ

1. സംസ്ഥാനത്തിന്റെ ആവശ്യത്തിനുള്ള എല്ലാ ഭക്ഷ്യവസ്തുക്കളും ഉല്പാദിപ്പിക്കുന്നതിനുള്ള കഴിവ് എന്ന അർത്ഥത്തിൽ കേരളത്തിന്റെ ഭക്ഷ്യസ്വയംപര്യാപ്തത സാമ്പത്തിക ശാസ്ത്രപരമായി സാധുവല്ല. അരിയുടെ ആവശ്യത്തിന്റെ കാര്യത്തിൽ ഇത് കൂടുതൽ ശരിയാണ്. അതുകൊണ്ട് സംസ്ഥാനത്തിന്റെ ലക്ഷ്യം ഭക്ഷ്യസുരക്ഷ കൈവരിക്കലാണ്. അല്ലാതെ ഭക്ഷ്യസ്വയംപര്യാപ്തത നേടുകയല്ല എന്ന് പുനർ നിർവചിക്കേണ്ടിയിരിക്കുന്നു.

2. ഉല്പാദനം വർദ്ധിപ്പിച്ചും ഉല്പന്നങ്ങളുടെ നീതിയുക്തമായ വിതരണം ഉറപ്പുവരുത്തിയും സമൂഹത്തിലെ എല്ലാവർക്കും ഭക്ഷ്യവസ്തുക്കൾ ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുന്ന സമൂഹത്തിന്റെ കഴിവിനെയാണ് ഭക്ഷ്യസുരക്ഷ എന്ന് അർത്ഥമാക്കുന്നത്. കേരളത്തിലെ പൊതുവിതരണ സമ്പ്രദായം ഭക്ഷ്യസുരക്ഷയുടെ ഒരു ഭാഗമാണ്. ബാഹ്യസമ്മർദ്ദങ്ങളായ ദേശീയോല്പാദനത്തിലുള്ള കുറവ്, ഭക്ഷ്യവസ്തുക്കൾ കൊണ്ടുപോകുന്നതിലുള്ള നിയന്ത്രണങ്ങൾ എന്നിവയിൽനിന്ന് സംസ്ഥാനത്തിന്റെ താല്പര്യം സംരക്ഷിച്ച് ഭക്ഷ്യസുരക്ഷനേരിടുന്ന ഭീഷണി ചെറുക്കലായിരിക്കണം സർക്കാരിന്റെ ലക്ഷ്യം. ആഭ്യന്തര ഉല്പാദനവും ജനങ്ങളുടെ ആവശ്യവും തമ്മിലുള്ള അന്തരം കുറയ്ക്കുവാൻ സർക്കാർ ശ്രമിക്കേണ്ടതാണ്. ഈ അന്തരം ഇപ്പോഴത്തെ 75 ശതമാനത്തിൽ നിന്ന് 10 വർഷത്തിനിടയിൽ 50 ശതമാനമായി കുറച്ചുകൊണ്ടുവരണമെന്നാണ് കമ്മിറ്റിയുടെ ശുപാർശ. ജനസംഖ്യാ വളർച്ചാനിരക്കനുസരിച്ച് 2010-ലെ കേരളത്തിലെ ജനസംഖ്യ ഏകദേശം 360 ലക്ഷമാകുമെന്ന് കണക്കാക്കിയിരിക്കുന്നു. ഒരാൾക്ക് ഒരു ദിവസത്തേക്ക് ശരാശരി 320 ഗ്രാം അരി എന്ന കണക്കിൽ ഒരു വർഷത്തേക്ക് കേരളത്തിലെ ജനങ്ങൾക്ക് 42 ലക്ഷം ടൺ അരി അന്ന് ആവശ്യമായിവരും. ഇതിനർത്ഥം നമ്മുടെ ലക്ഷ്യം അരി ഉല്പാദനം ഇന്നത്തെ ഏകദേശം 9 ലക്ഷം ടണ്ണിൽനിന്ന് 2010 ആകുമ്പോഴേക്കും 21 ലക്ഷം ടണ്ണായി വർദ്ധിപ്പിക്കണമെന്നാണ്.

3. ഈ ലക്ഷ്യം കൈവരിക്കുന്നതിന് ഒരു ദ്വിമുഖ പരിപാടി ആവിഷ്ക്കരിക്കേണ്ടതുണ്ട്. നെൽവയലുകളുടെ വിലതീവ്രത വർദ്ധിപ്പിക്കുന്നതോടൊപ്പം ഉല്പാദനക്ഷമത കൂട്ടുന്നതിനുംവേണ്ട നടപടികളാണാവശ്യം. സംസ്ഥാന ശരാശരി ഉല്പാദനക്ഷമത ഇന്ന് നിലവിലുള്ള ഹെക്ടറിന് 2000 കി. ഗ്രാം എന്ന നിലയിൽനിന്നും 3500 കി. ഗ്രാം എന്ന നിലയിലേക്കും വിളതീവ്രത ഇന്നത്തെ 150 ശതമാനത്തിൽനിന്ന്

LIBRARY ARCHIVES Kerala Legislative Assembly

200 ശതമാനത്തിലേക്കും ഉയർത്തുന്നതിനാണ് ലക്ഷ്യമിടേണ്ടത്. നെൽകൃഷിക്കുവേണ്ടി മാത്രം ലഭ്യമാക്കാവുന്ന 3 ലക്ഷം ഹെക്ടർ സ്ഥലത്തെങ്കിലും ഈ ലക്ഷ്യം മുൻനിർത്തിക്കൊണ്ടുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നത് അത്ര വിഷമമുള്ള കാര്യമല്ല. അതോടെ 2010-ാം മാണ്ടിൽ ആവശ്യത്തിന്റെ പകുതി അരി സംസ്ഥാനത്തിന്റെ അകത്തുതന്നെ ഉല്പാദിപ്പിക്കാൻ കഴിയും. പക്ഷേ ഈ ലക്ഷ്യം കൈവരിക്കുന്നതിന് ഏകദേശം 7 ശതമാനത്തിൽക്കൂടിയ വാർഷിക വളർച്ചാനിരക്ക് വേണ്ടിവരും. അതിന് ഈ രംഗത്ത് പ്രവർത്തിക്കുകയും, പ്രവർത്തിപ്പിക്കുകയും ചെയ്യുന്ന സർക്കാർ, കൃഷിക്കാർ, കൃഷിപ്പണിക്കാർ, ശാസ്ത്രജ്ഞർ തുടങ്ങിയ എല്ലാ വിഭാഗക്കാരും അർപ്പണ ബുദ്ധിയോടെ സഹകരിച്ചേ മതിയാകൂ.

4. ഉല്പാദനം വർദ്ധിപ്പിക്കുക എന്ന ആത്യന്തിക ലക്ഷ്യത്തിനായി സ്വീകരിക്കുന്ന നടപടിയുടെ ഭാഗമായി നെല്ലുല്പാദനത്തിന് ഏറ്റവും കൂടുതൽ സാദ്ധ്യതയുള്ള സ്ഥലങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ കണ്ടെത്തണം. നെല്ലുല്പാദനക്ഷമതയുടെ അടിസ്ഥാനത്തിൽ ബ്ലോക്കുകളെ റാങ്ക് ചെയ്യുന്ന ഒരു രീതി കമ്മിറ്റി നിർദ്ദേശിച്ചിട്ടുണ്ട്. വേണ്ടത്ര കണക്കുകൾ അടിസ്ഥാനതലത്തിൽ ലഭ്യമായാൽ ഈ രീതി ഗ്രാമപഞ്ചായത്തു തലത്തിൽ പ്രാദേശിക ചുറ്റുപാടുകൾക്ക് അനുസൃതമായ ഭേദഗതിയോടുകൂടി പകർത്താവുന്നതാണ്.

5. നെൽകൃഷിക്കുപയോഗിക്കുന്ന പാടങ്ങളുടെ വിസ്തൃതി പ്രാഥമികമായി കർഷകരുടെ ലാഭത്തെ ആശ്രയിച്ചിരിക്കുന്നു. പാടം എങ്ങനെ ഉപയോഗിക്കണമെന്ന് തീരുമാനിക്കേണ്ടത് കർഷകരാണ്. അതുകൊണ്ട് കമ്മിറ്റി ഹ്രസ്വകാലത്തേക്കും ദീർഘകാലത്തേക്കുമായി ചില ശുപാർശകൾ നല്കുന്നു. വിലയിൽ പ്രോത്സാഹനവും സബ്സിഡികളും, ഘടനയിൽ സമൂലമായ മാറ്റവും സാങ്കേതിക പരിവർത്തനവും. ഇതുകൊണ്ട് ലക്ഷ്യമാക്കുന്നത് സംസ്ഥാനത്ത് 1990-കളിൽ നിലവിലുണ്ടായിരുന്നതുപോലെ 3 ലക്ഷം ഹെക്ടറെങ്കിലും നെൽകൃഷിക്ക് ഉപയുക്തമാക്കണമെന്നാണ്.

6. ഒരു പൊതുനയമായി ബേസിക് ടാക്സ് രജിസ്റ്ററിൽ പാടങ്ങളായി രേഖപ്പെടുത്തിയിട്ടുള്ളതും ഇപ്പോൾ നെല്ല്, പച്ചക്കറി, വാഴ, പൈനാപ്പിൾ തുടങ്ങിയ വിളകൾ കൃഷിചെയ്യുന്നതുമായ സ്ഥലങ്ങൾ നെൽകൃഷിക്ക് വീണ്ടും ഉപയോഗിക്കാൻ പര്യാപ്തമല്ലാത്തവിധം പരിവർത്തനം ചെയ്യുന്നത് ആവശ്യമായ നിയമനത്തിന്റെ പിൻബലത്തോടുകൂടി നിരോധിക്കണം. പൊതു ആവശ്യത്തിന്, ഉദാഹരണമായി പ്രതിരോധം, റോഡ്, പാലം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്കു വേണ്ടിവരുന്ന സ്ഥലത്തെ മാത്രമേ മേൽപ്പറഞ്ഞ പൊതുനിയമത്തിന്റെ പരിധിയിൽനിന്ന് ഒഴിവാക്കാനാവൂ.

LIBRARY ARCHIVES Kerala Legislative Assembly

7. മേൽപ്പറഞ്ഞ നിയമത്തിന്റെ ലംഘനം ശിക്ഷാർഹമായിരിക്കണം. കുറ്റത്തിന്റെ പിഴയായി നെൽപ്പാടവും പുരയിടവും തമ്മിലുള്ള വിലയുടെ 50% സർക്കാരിന് നൽകണം. ഒരു സ്ഥലത്തെ നെൽപ്പാടത്തിന്റേയും പുരയിടത്തിന്റെയും കമ്പോളവില ജില്ലാകളക്ടർ നിശ്ചയിക്കുന്നതായിരിക്കും.

8. എന്നാൽ ഭക്ഷ്യസുരക്ഷക്കാവശ്യമായ മറ്റു ആഹാരസാധനങ്ങളായ പച്ചക്കറി, വാഴ, കപ്പ, പൈനാപ്പിൾ എന്നിവ കൃഷിചെയ്യാനോ, നെല്ലും മത്സ്യകൃഷിയും മാറിമാറി ചെയ്യാനോവേണ്ടി നെൽപ്പാടങ്ങളെ താൽക്കാലികമായി വിനിയോഗിക്കുന്നതിൽ തെറ്റില്ല എന്നു കമ്മിറ്റി കരുതുന്നു. ഇങ്ങനെ നെൽവയൽ പരിവർത്തം ചെയ്യുന്നത് തുടർച്ചയായി 3 വർഷത്തിൽ കൂടുതൽ അനുവദിക്കാൻ പാടില്ല. ഇതിനർത്ഥം പാടങ്ങളിൽ 4 വർഷത്തിലൊരിക്കലെങ്കിലും നെൽകൃഷി ഇറക്കണമെന്നാണ്.

9. ശുപാർശകൾ ഏഴും എട്ടും ഫലപ്രദമാകാൻ നിലവിലുള്ള കേരള ഭൂവിനിയോഗ ഉത്തരവ് ഭേദഗതി ചെയ്ത് ആവശ്യമായ നിയമനിർമ്മാണം നടത്തണം.

10. നെൽപാടങ്ങൾ പരിവർത്തനം ചെയ്യപ്പെടാതിരിക്കാൻ ദീർഘകാല അടിസ്ഥാനത്തിലുള്ളതും മൗലികവുമായ നടപടികൾക്ക് അർഹമായ പ്രാധാന്യം നല്കണമെന്ന് കമ്മിറ്റി ശുപാർശ ചെയ്യുന്നു. ഹ്രസ്വകാല നടപടികൾ താൽക്കാലികാശ്വാസം നല്കുന്നതും ദീർഘകാലത്തേക്കും മൗലികമായിട്ടുമുള്ള നടപടികളെ ശക്തിപ്പെടുത്തുവാനുമായിരിക്കും.

11. ദീർഘകാലത്തേക്കുള്ള മൗലികമായ പ്രവർത്തനത്തിന്റെ ഭാഗമായി ഈ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള ആറ് പ്രധാനപ്പെട്ട നെൽകൃഷി മേഖലയിലേയും ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾ അതാതു പഞ്ചായത്തുകളിലെ നെൽപ്പാടങ്ങളുടെ തരംതിരിച്ച് രേഖപ്പെടുത്തി വേർതിരിക്കേണ്ടതാണ്.

12. ജലനിയന്ത്രണം ഒരു പ്രധാനപ്പെട്ട ഉല്പാദകമായി അംഗീകരിക്കേണ്ടതാണ്. ശരിയായ ജലനിയന്ത്രണമില്ലെങ്കിൽ ഒരു ഉല്പാദകത്തിനും ഉല്പാദനം വർദ്ധിപ്പിക്കാനാവില്ല. നെൽപ്പാടങ്ങളിൽ ആവശ്യമുള്ള സമയത്ത് ആവശ്യമുള്ള അളവിൽ വെള്ളം എന്നതാണ് ജലനിയന്ത്രണം എന്നവാക്കുകൊണ്ട് കമ്മിറ്റി അർത്ഥമാക്കുന്നത്. അതുകൊണ്ട് ഇത് ജലസേചനത്തേയും ജലനിർഗ്ഗമനത്തേയും കണക്കിലെടുക്കുന്നു. കേരളത്തിന്റെ സാഹചര്യത്തിൽ ഭൂമിയുടെ മാനേജ്മെന്റും വികസനവും ജലനിയന്ത്രണത്തിന്റെ അടിസ്ഥാനഘടകമാണ്. അതുകൊണ്ട് ഭൂമിയുടേയും ജലത്തിന്റേയും മാനേജ്മെന്റ് നെൽകൃഷി ശക്തിപ്പെടുത്താൻ ആവശ്യമാണെന്ന് കമ്മിറ്റി ശുപാർശ ചെയ്യുന്നു.

13. കമ്മിറ്റി സംസ്ഥാനത്തിന്റെ ജലനിയന്ത്രണത്തിൽ ഘടനാപരമായ സമൂലമാറ്റം ശുപാർശചെയ്യുന്നു. ഇത് വൻകിട ചെറുകിട പദ്ധതികളിലൂടെ ജലസേചനം നടത്തുന്ന സ്ഥലങ്ങൾക്കേ ബാധകമാകൂ. പുതിയ സംവിധാനത്തിൽ കൃഷിക്കും കൃഷിക്ക് അല്ലാതെയും ഉപയോഗിക്കുന്ന ജലത്തിന് സമഗ്ര സമീപനം വേണമെന്ന് ആവശ്യപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

14. ജലസേചന പദ്ധതികൾക്കുവേണ്ടി ഇതുവരെയുള്ള ചെലവ് പ്രത്യുല്പാദനപരമായിരുന്നില്ല എന്ന അനുഭവത്തിന്റെ വെളിച്ചത്തിൽ ഇതുവരെയുണ്ടായിട്ടുള്ള നേട്ടങ്ങൾ ഒരു സ്വതന്ത്ര ഏജൻസിയുടെ സമഗ്രമായ വിലയിരുത്തലിന് വിധേയമാക്കിയതിനുശേഷം തുടർന്നുള്ള പണികൾ നടത്തുന്നതായിരിക്കും നല്ലത്. അതിനുവേണ്ടി വൻകിട -ഇടത്തരം ജലസേചന പദ്ധതികളുടെ ജലസേചന വിസ്തൃതിയുടെ ഭൗതിക നേട്ടം 60 ശതമാനത്തിൽ താഴെയുള്ള പദ്ധതികളുടെ പ്രവർത്തനങ്ങൾ നിർത്തിവെക്കുകയും 60 ശതമാനത്തിൽ കൂടുതലുള്ള പദ്ധതികൾ മുൻഗണനാക്രമം അനുസരിച്ച് ഈ പഞ്ചവത്സര പദ്ധതിക്കാലത്തുതന്നെ തീർക്കുന്നതിനു ശ്രമിക്കുകയും അതിനുവേണ്ട സാമ്പത്തികസഹായം നൽകുകയും വേണം.

15. ഫീൽഡ്തലത്തിലുള്ള നിലവിലുള്ളതും ഭാവിയിൽ ഉണ്ടായേക്കാവുന്നതുമായ, കാച്ച്മെന്റ് ഏരിയയും, കമാന്റ് ഏരിയയും പഞ്ചായത്ത് അതിർത്തികളിൽ വരുന്നതുമായ ജലമാനേജ്മെന്റുകളുടെ ഉത്തരവാദിത്തം ഗ്രാമ-ബ്ലോക്കുപഞ്ചായത്തുകൾക്കായിരിക്കണം.

16. നെൽകൃഷി സംബന്ധിച്ച വിവിധ ജോലികൾ യന്ത്രവൽക്കരിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കണം. ട്രാക്ടറുകൊണ്ടും പവ്വർ ടില്ലറുകൊണ്ടും ഉഴുന്നത് സംസ്ഥാനത്ത് സർവ്വസാധാരണമായതായി കമ്മിറ്റി കണ്ടിരിക്കുന്നു. യന്ത്രവൽകൃതമായ സാങ്കേതികവിദ്യകൾ ഉപയോഗിക്കാവുന്ന മറ്റു ജോലികൾ വിത്തിടീൽ, ഞാറുനടീൽ, കൊയ്ത്ത്, മെതി എന്നിവയാണ്.

17. ഇതുവരെ പവർ ടില്ലറുകൾ നിർമ്മിച്ചുകൊണ്ടിരുന്ന കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ ഇപ്പോൾ കൊയ്ത്തുയന്ത്രങ്ങൾ നിർമ്മിച്ചു തുടങ്ങിയിട്ടുണ്ട്. കേരളത്തിലെ വിവിധ കാർഷിക ഭൂവിഭാഗങ്ങളുടെ പ്രത്യേകതകൾ പരിഗണിച്ച് യന്ത്രങ്ങൾക്ക് ആവശ്യമായ മാറ്റം വരുത്തണം. വിവിധ മോഡലുകൾ ഉണ്ടാക്കിയാൽ ശരിയായ ഒന്ന് തിരഞ്ഞെടുക്കാനാവും. പ്രാദേശികാടിസ്ഥാനത്തിൽ കൃഷിയന്ത്രങ്ങളും ഉപകരണങ്ങളും നിർമ്മിക്കുവാൻ പ്രോത്സാഹനം നല്കണമെന്ന് കമ്മിറ്റി ശുപാർശ ചെയ്യുന്നു. കുട്ടനാട്ടിൽ പ്രാദേശികാടിസ്ഥാനത്തിൽ മെതിയന്ത്രങ്ങൾ നിർമ്മിക്കുന്നുണ്ട്. ഇവയ്ക്ക് വില കുറയുമെന്ന് മാത്രമല്ല, പ്രാദേശിക തൊഴിലാളികൾക്ക് ഇവയുടെ നിർമ്മാണത്തിലും പരിപാലനത്തിലും സാങ്കേതിക കഴിവുകൾ നേടാനുള്ള അവസരം ലഭിക്കുകയും ചെയ്യും.

18. കേരള അഗ്രോ മെഷിനറി കോർപ്പറേഷനും, കേരള കാർഷിക സർവ്വകലാശാലയുടെ കേളപ്പജി അഗ്രി. എഞ്ചിനീയറിംഗ് കോളേജും മറ്റ് തിരഞ്ഞെടുക്കപ്പെട്ട എഞ്ചിനീയറിംഗ് കോളേജുകളും പ്രശസ്തമായ സ്വകാര്യ എഞ്ചിനീയറിംഗ് വർക്ക്ഷോപ്പുകളും കാർഷിക ഉപകരണങ്ങൾ രൂപകല്പന ചെയ്യുകയും, നിലവിലുള്ളവയുടെ ശേഷി വർദ്ധിപ്പിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

തിനുമുള്ള ഗവേഷണ വിസകന പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും വേണം. ഇത് നെൽകൃഷിക്ക് മാത്രം ഒതുക്കിനിർത്തേണ്ടതില്ല. കേരളത്തിന്റെ കാർഷിക മേഖലയിലെ സാങ്കേതിക ഉപകരണങ്ങളുടെ ആവശ്യങ്ങൾ തിട്ടപ്പെടുത്താൻ അനുയോജ്യമായ ഒരു പ്രൊഫഷണൽ ഏജൻസിയേയോ വിദഗ്ദ്ധ സംഘത്തേയോ ചുമതലപ്പെടുത്തണം.

19. കർഷക തൊഴിലാളികൾ യന്ത്രവൽക്കരണവുമായി സഹകരിക്കുന്നതിന് യന്ത്രങ്ങളുടെ പ്രദർശനത്തിലൂടെയും, അവ പ്രവർത്തിപ്പിക്കുന്നതിലും പരിപാലിക്കുന്നതിലുമുള്ള പരിശീലനത്തിലൂടെയും അവരിൽ താല്പര്യം ജനിപ്പിക്കുകയും വേണം. യന്ത്രങ്ങളും, ഉപകരണങ്ങളും സ്വന്തമാക്കുന്നതിനുള്ള അവസരവും അവർക്ക് നല്കണം.

20. കൊയ്ത്തുപോലെ പ്രധാനപ്പെട്ട ഘടകങ്ങളിൽ കർഷക തൊഴിലാളികളുടെ കുറവ് ഒരു യാഥാർത്ഥ്യമെന്നിരിക്കേ, തൊഴിൽ ചെയ്യാൻ സന്നദ്ധരായിട്ടുള്ളവർ പോലും ചില സീസണുകളിൽ തൊഴിലില്ലായ്മ നേരിടുന്നു. യന്ത്രവല്ക്കരണം കൊണ്ടുള്ള ഗുണം കർഷക തൊഴിലാളികൾക്ക് ലഭ്യമാകണമെങ്കിൽ യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുവാനും പരിപാലിക്കുവാനും അവർക്ക് അവസരം നൽകുകയും യന്ത്രങ്ങൾ വാങ്ങുന്നതിന് ധനസഹായം ലഭ്യമാക്കുകയും വേണം.

21. കർഷക തൊഴിലാളികൾക്ക് തുടർച്ചയായി ജോലി ലഭിക്കുവാൻ തൊഴിലാളി സഹകരണ സംഘങ്ങളോടും, കാർഷിക തൊഴിലാളികളുടെ മറ്റു സംഘടനകളോടും നെൽപ്പാടങ്ങളിലും മറ്റു കൃഷിസ്ഥലങ്ങളിലും പണിയെടുക്കുവാൻ പ്രത്യേകം ടീമുകളെ തയ്യാറാക്കാൻ നിർദ്ദേശിക്കാവുന്നതാണ്. വായ്പകൾ, യന്ത്രവൽക്കരണത്തിനുള്ള സബ്സിഡികൾ എന്നിവയ്ക്ക് സൊസൈറ്റികൾക്ക് മുൻഗണന നല്കേണ്ടതാണ്. ഇതിനായി വിവിധ ജോലികൾ ഏറ്റെടുക്കുന്നതിന് പരിശീലനം നല്കണം. പഞ്ചായത്തിന് ഈ രംഗത്ത് കടന്നുവരാവുന്നതും കർഷക തൊഴിലാളികൾക്ക് പരിശീലന സൗകര്യങ്ങൾ നല്കാവുന്നതുമാണ്.

22. യന്ത്രവല്ക്കരണത്തോടുകൂടി പുറന്തള്ളപ്പെടുവാൻ സാദ്ധ്യതയുള്ളതുകൊണ്ട് സ്ത്രീ കർഷക തൊഴിലാളികൾക്ക് പ്രത്യേക പരിഗണന നല്കേണ്ടതാണ്. പരമ്പരാഗതമായ സ്ത്രീകളോടുള്ള അവഗണനകൾക്കതീതമായി കാർഷിക ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിലും, പരിപാലിക്കുന്നതിലും സ്ത്രീകൾക്ക് മുൻഗണന നല്കുകയും ഇത്തരം യന്ത്രങ്ങൾ വാങ്ങുന്നതിന് അവർക്ക് ധനസഹായം നല്കുകയും വേണമെന്ന് കമ്മിറ്റിശുപാർശ ചെയ്യുന്നു. എങ്കിൽ മാത്രമേ സാങ്കേതിക നേട്ടങ്ങളുടെ പ്രയോജനം അവർക്ക് അനുഭവിക്കാനും തൊഴിൽ സംബന്ധമായ മുഷിപ്പ് ഒഴിവാക്കാനും അവസരം ലഭിക്കൂ. സ്ത്രീകൾക്ക് എളുപ്പത്തിൽ ഉപയോഗിക്കാവുന്ന യന്ത്രങ്ങളുടെ രൂപകല്പനയ്ക്ക് മുൻതൂക്കം നല്കണമെന്ന് കമ്മിറ്റി ശുപാർശ ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

23. കാർഷിക തൊഴിൽമേഖലയിൽ പുതുതായി രൂപംകൊണ്ടിട്ടുള്ള പങ്കുപറ്റ് വിഭാഗത്തിന്റെ ഇടപെടൽ നെൽകൃഷിയുടെ സുസ്ഥിരതക്ക് ഭീഷണിയായിത്തന്നെ തുടരുന്നു. ഈ സ്ഥിതിയിൽ മാറ്റം വരുത്തുന്നതിന് ഗ്രാമീണ തൊഴിൽ മേഖലയിൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതോടൊപ്പം കർഷകതൊഴിലാളികൾക്ക് തൊഴിൽ സ്ഥിരത ഉറപ്പു വരുത്തുകയും ചെയ്തേ മതിയാകൂ. ഗ്രാമതലങ്ങളിൽ യഥാർത്ഥ കർഷക തൊഴിലാളികളുടെ സംഘങ്ങൾ സംഘടിപ്പിച്ച് അവർക്ക് വേണ്ടത്ര പരിശീലനം നൽകി, യന്ത്രവൽക്കരണത്തിന്റെ സാദ്ധ്യതകളിൽ പങ്കാളിയാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് കമ്മിറ്റി ശുപാർശ ചെയ്യുന്നു.

24. കാർഷിക മത്സ്യബന്ധന മേഖലയിൽ ചില ഘട്ടങ്ങളിൽ, ചില സ്ഥലങ്ങളിൽ ചുമട്ടുതൊഴിലാളികളുടെ രംഗപ്രവേശനം ഉല്പാദനച്ചെലവ് വർദ്ധിപ്പിക്കുന്നതിനും സാമൂഹ്യ സംഘർഷം ഉളവാക്കുന്നതിനും ഇടയാക്കിയിട്ടുണ്ട്. കൃഷിയും അനുബന്ധമേഖലകളിലും ഉള്ള കയറ്റിറക്ക്-കടത്ത്-ചുമട്ടുജോലികൾ അതാത് മേഖലകളിലെ സ്ഥിരതൊഴിലാളികൾക്കുതന്നെ ചെയ്യാനുള്ള അവകാശം ഉണ്ടായിരിക്കേണ്ടതാണ്.

25. നെൽകൃഷി ചെയ്യാൻ ഒട്ടും താല്പര്യമില്ലാത്തവരിൽനിന്ന് കർഷക തൊഴിലാളി കുടുംബങ്ങൾക്ക് നെൽപ്പാടങ്ങൾ വാങ്ങുന്നതിന് ദീർഘ കാലാടിസ്ഥാനത്തിലുള്ള വായ്പ ഉൾപ്പെടെയുള്ള സാമ്പത്തിക സഹായം നല്കണം. കർഷക കുടുംബങ്ങൾ സ്വയം കൃഷി ചെയ്യുമ്പോൾ കുടുംബ തൊഴിലവസരം കൂടുകയും ഉല്പാദനച്ചെലവ് കുറക്കുകയും ചെയ്യും.

26. സംസ്ഥാനത്ത് ഗുണമേന്മയുള്ള വിത്തിനങ്ങളുടെ ഉല്പാദനവും വിതരണവും കുത്തഴിഞ്ഞ രീതിയിലാണ്. ശരിയായ സമയത്ത്, ശരിയായ അളവിൽ, ശരിയായ വിത്ത് നല്കുവാൻ കഴിയുന്ന സുസ്ഥിരമായ ഒരു സംവിധാനം ഉണ്ടായിരിക്കണമെന്ന് കമ്മിറ്റി ശുപാർശ ചെയ്യുന്നു. വിത്തുഭൂപടമുണ്ടാക്കുക, ഓരോ കാർഷിക കാലാവസ്ഥാ ഭൂപ്രദേശത്തിനും യോജിച്ച വിത്തുകൾ കണ്ടെത്തുക, പ്രജനനം, വിത്തുല്പാദനം, വിത്തുസംഭരണം, ഗുണമേന്മയുള്ള വിത്തിന്റെ വിതരണം, വിത്തുപരിശോധനക്കും, ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനുമുള്ള സംവിധാനം, നിശ്ചിത നിലവാരം പുലർത്തുന്നതിനുള്ള നിയമപരമായ പിൻബലം എന്നിവയെല്ലാം ഈ പദ്ധതിയിൽ ഉൾപ്പെടണം. ഗുണമേന്മയുള്ള വിത്തുകൾ ഉല്പാദിപ്പിക്കുന്നതിനും, വിതരണം ചെയ്യുന്നതിനും നിലവിലുള്ള സമ്പ്രദായം ഉടച്ചുവാർക്കാൻ അടിയന്തിരമായ നടപടി സ്വീകരിക്കണം. കൃഷിവകുപ്പിന്റെ കീഴിൽ ഒരു സ്വയംഭരണ സ്ഥാപനത്തിന് ഈ ചുമതല നല്കുകയും വിത്ത് പരിശോധനക്കും സാക്ഷ്യപ്പെടുത്തുന്നതിനും ആവശ്യമുള്ള വിദഗ്ദ്ധന്മാരുടെ സേവനം ലഭ്യമാക്കുകയും വേണം. വിത്തിന്റെ സംഭരണ വിതരണ ചുമതല ഈ ഏജൻസി നിർവ്വഹിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

27. താഴ്ന്ന പ്രദേശങ്ങളിൽ നെല്ല് അടിസ്ഥാനമാക്കിയ കൃഷിയെ പ്രോത്സാഹിപ്പിക്കണം. കുട്ടനാട്ടിലെ ചില കർഷകർ നെല്ലും മത്സ്യവും അടിസ്ഥാനമാക്കിയ സംയോജിത കൃഷി ആരംഭിച്ചിട്ടുണ്ട്. ഉല്പന്നങ്ങൾ സൂക്ഷിക്കുന്നതിനും, വിപണനം ചെയ്യുന്നതിനും ആവശ്യമായ സഹായവും സൗകര്യങ്ങളും സർക്കാർ നല്കണം.

28. ജൈവവളങ്ങളുടെ ലഭ്യതയും പ്രയോഗവും സാരമായി കുറഞ്ഞത് നെൽപ്പാടങ്ങളുടെ ഉല്പാദനക്ഷമതയെയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിനും, സുസ്ഥിരമാക്കുന്നതിനും ജൈവവളങ്ങൾ പ്രധാനമായ ഒരു ഉല്പാദകമാണെന്ന് കമ്മിറ്റി കരുതുന്നു. സുസ്ഥിരമായ നെല്ലുല്പാദനത്തിനുവേണ്ടി വിവിധയിനം ജൈവവളങ്ങളുടെ ഉല്പാദനത്തിനും പ്രയോഗത്തിനും മുൻഗണന നൽകണമെന്നാണ് കമ്മിറ്റിയുടെ അഭിപ്രായം.

29. ജൈവവളങ്ങളുടെ വിലയും, കടത്തുചെലവും, ഭാരിച്ചതാണെന്ന് കർഷകർ ചൂണ്ടിക്കാണിക്കുന്നു. നെൽപ്പാടങ്ങളിൽ പച്ചിലവളച്ചെടികൾ കൃഷി ചെയ്യുന്നതിലൂടെ കടത്തുചെലവ് ഒഴിവാക്കാനാവും. നെൽപ്പാടത്ത് വളർത്തുന്നതിനും, വിതക്കുന്നതിനും യോജിച്ച വിവിധയിനം പച്ചിലവള ച്ചെടികളുടെ വിത്തുല്പാദനത്തിനും സംഭരണത്തിനും, വിതരണത്തിനും ബൃഹത്തായ ഒരു പദ്ധതിക്ക് കമ്മിറ്റി ശുപാർശ ചെയ്യുന്നു. സമീപ പ്രദേശങ്ങളിൽനിന്ന് ജൈവവളം കർഷകർക്ക് ലഭ്യമാക്കാൻ ഗ്രാമപഞ്ചായത്തുകൾക്കും പഞ്ചായത്തുരാജ് സ്ഥാപനങ്ങൾക്കും ശ്രമം നടത്താവുന്നതാണ്. ചിഞ്ഞളിയുന്ന മാലിന്യങ്ങളെ സംസ്ക്കരിച്ച് ജൈവവളമാക്കുന്നതിനുള്ള സൗകര്യങ്ങൾ പഞ്ചായത്തുകളിൽ ഉണ്ടായിരിക്കണം. ഇതിനായി പഞ്ചായത്തുരാജ് സ്ഥാപനങ്ങൾക്ക് പ്രത്യേക സഹായം നല്കണമെന്ന് കമ്മിറ്റി ശുപാർശ ചെയ്യുന്നു.

30. ഭൂഗർഭജല ഉറവകൾ ഉണ്ടാക്കുന്നതിലും ജലനിർഗ്ഗമനം, വെള്ളപ്പൊക്ക നിയന്ത്രണം എന്നിവയിലും പാടങ്ങൾ വഹിക്കുന്ന പങ്ക് സംസ്ഥാനത്തിന്റെ സുസ്ഥിര ഭൂവിനിയോഗത്തെ കുറിച്ച് ചിന്തിക്കുമ്പോൾ പ്രത്യേകം കണക്കിലെടുക്കേണ്ടതാണ്. വെള്ളം കെട്ടിക്കിടക്കുന്ന വയലുകളുടെ പ്രാഥമികമായ ഉപയോഗം കണക്കിലെടുത്തുകൊണ്ട് ഗ്രാമപഞ്ചായത്ത് താമസത്തിനും, കച്ചവടത്തിനും, വ്യവസായത്തിനും പൊതുസൗകര്യങ്ങൾക്കുമുള്ള സ്ഥലങ്ങളെ പ്രത്യേകമായി തരംതിരിക്കേണ്ടതാണ്.

31. കളിമണ്ണെടുക്കുന്നതിന് യോജിച്ച സ്ഥലം കണ്ടെത്തുന്നതിനായി സർക്കാരിന്റെ ആഭിമുഖ്യത്തിൽ സ്ഥലത്തിന്റെ സർവ്വേ നടത്താവുന്നതാണ്. കളിമണ്ണെടുക്കുന്നതിനുള്ള അവകാശം സ്ഥാപനങ്ങൾക്കും സ്വകാര്യ വ്യവസായികൾക്കും സർക്കാർ നല്കുന്ന ലൈസൻസിന്റെ അടിസ്ഥാനത്തിലായിരിക്കണം. കളിമണ്ണെടുക്കൽ ശാസ്ത്രീയമായ

LIBRARY ARCHIVES Kerala Legislative Assembly

മാർഗ്ഗനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം. മണ്ണെടുക്കുന്നതിന് ഉപയോഗിച്ച സ്ഥലം കൃഷിക്കോ അനുബന്ധമായ മത്സ്യം വളർത്തലിനോ യോജിച്ച വിധത്തിൽ വീണ്ടെടുത്ത് തിരിച്ചുനല്കും എന്ന ഉപാധിയോടുകൂടി ആയിരിക്കണം ലൈസൻസ് നല്കേണ്ടത്.

32. ചെളി അടിയുന്നത് ഗതാഗതത്തിനും, ജലസംഭരണത്തിനും ഒരു പ്രധാന പ്രശ്നമായതുകൊണ്ട് കനാലുകൾ, ജലാശയങ്ങൾ, കായലുകൾ എന്നിവയിൽനിന്ന് കളിമണ്ണ് എടുക്കുന്നതിന്റെ ശാസ്ത്രീയ വശങ്ങൾ സർക്കാർ പരിശോധിക്കേണ്ടതാണ്. ചെളി നീക്കം ചെയ്യേണ്ട സന്ദർഭങ്ങളിൽ തുച്ഛമായ ലൈസൻസ് ഫീ ഈടാക്കിക്കൊണ്ട് മണ്ണെടുക്കൽ അനുവദിക്കാവുന്നതാണ്.

33. ഇഷ്ടിക നിർമ്മാണത്തിനുവേണ്ടി നെൽപ്പാടങ്ങളിലെ ഫലഭൂയിഷ്ഠമായ മണ്ണ് നഷ്ടപ്പെടുത്തുന്നതിൽ കമ്മിറ്റിക്ക് വ്യാകുലതയുണ്ട്. പകരമായി മറ്റു വസ്തുക്കൾ കണ്ടെത്തുന്നതുവരെ കെട്ടിട നിർമ്മാണ ആവശ്യത്തിന് ഇത് തുടരേണ്ടിവരും. ഇഷ്ടികക്ക് പകരമായി സിമന്റ് പൊള്ള ഇഷ്ടികകൾ പ്രോത്സാഹിപ്പിക്കുന്നതിനു പുറമേ ചെങ്കല്ലിന്റെ ഉപയോഗം വർദ്ധിപ്പിക്കണമെന്ന് കമ്മിറ്റി ശുപാർശ ചെയ്യുന്നു. ഇതിനുവേണ്ട കടത്തുകൂലിക്ക് സബ്സിഡി നൽകിയാൽപോലും നമ്മുടെ വിലപ്പെട്ട മണ്ണും ഇഷ്ടിക നിർമ്മാണത്തിനാവശ്യമായ ഊർജ്ജവും നഷ്ടപ്പെടാതെ സൂക്ഷിക്കാനാവും. ചെങ്കല്ല് പ്രദേശത്തെ ഉപയോഗപ്രദമാക്കുന്നതിനും ഇത് സഹായകമാകും.

34. നെൽകൃഷിക്കാരനെ നിർവചിക്കേണ്ടതിന്റെ ആവശ്യം കമ്മിറ്റി മനസ്സിലാക്കുന്നു. എങ്കിൽ മാത്രമേ നെൽകൃഷി വികസനത്തിന് സർക്കാർ നല്കുന്ന ധനസഹായം അർഹിക്കുന്നവർക്ക് ലഭ്യമാവൂ. സങ്കുചിതമായ നിർവ്വചനം അർഹിക്കുന്നവർക്ക് സഹായം നിരസിക്കപ്പെടാൻ ഇടവരുത്തും. ഉല്പാദനത്തിന്റെ അടിസ്ഥാനത്തിൽ ഒരാളെ നെൽകർഷകനായി കണക്കാക്കണമെങ്കിൽ അയാൾ അര ഏക്കറിലെങ്കിലും നെൽകൃഷി ചെയ്യണം. ഭൂവുടമ നെൽകൃഷിയിലേർപ്പെടുന്നില്ലെങ്കിൽ അയാൾക്കു പകരം മറ്റൊരാളെ കൃഷി നടത്താൻ ഏർപ്പാടു ചെയ്യാവുന്നതാണ്. ഈ അടിസ്ഥാനത്തിൽ നെല്ലുല്പാദനത്തിലുള്ള സഹായം ഭൂഉടമകൾക്കു പകരം യഥാർത്ഥ കർഷകനായിരിക്കും ലഭിക്കുക.

35. എന്നാൽ സാമൂഹ്യ സുരക്ഷാപദ്ധതി നടപ്പാക്കാനാണ് ലക്ഷ്യമെങ്കിൽ ഈ നിർവ്വചനത്തിനു വലിയ പ്രാധാന്യം നൽകേണ്ടതില്ല. ഒരാളുടെ പ്രധാന വരുമാനം കാർഷികവൃത്തിയിൽ നിന്നാണെങ്കിൽ അയാളെ കർഷകനെന്ന് നിർവ്വചിക്കാം. ഒരാളുടെ മുഖ്യവരുമാനം നെൽകൃഷിയിൽ നിന്നാണെങ്കിൽ അയാൾ നെൽകർഷകനാണ്. നെൽകൃഷി സംബന്ധിച്ച കാര്യങ്ങൾ മാത്രം കമ്മിറ്റിയുടെ പരിഗണനയിൽ ഉള്ളതുകൊണ്ട് ഞങ്ങൾ നെൽകർഷകർക്ക് സാമൂഹ്യസുരക്ഷയോ സാമൂഹ്യക്ഷേമ പരിപാടികളോ ശുപാർശ ചെയ്യാൻ മുതിരുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

36. നെല്ലുല്പാദനത്തിൽ ഏർപ്പെട്ടിരിക്കുന്ന കർഷക തൊഴിലാളിയെ തിരിച്ചറിയുന്നതിനും അർഹരായവർക്ക് സഹായം നല്കുന്നതിനും നെൽകൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകതൊഴിലാളി ആരെന്ന് നിർവ്വചിക്കേണ്ട ആവശ്യമുണ്ടെന്ന് കമ്മിറ്റി കരുതുന്നു. നെൽപ്പാടങ്ങളിൽ ജോലി ചെയ്യാനുള്ള സന്നദ്ധത, നെല്ലുല്പാദന പ്രവൃത്തികളിൽ ഏർപ്പെടുക, ഓരോ സീസണിലും ഒരു നിശ്ചിത (ഇരുപതെന്നു വയ്ക്കാം) ദിവസത്തിലെങ്കിലും കൃഷിപ്പണിയിലേർപ്പെടുക എന്നിവ നെൽകൃഷി തൊഴിലാളിയായി കണക്കാക്കുന്നതിനുള്ള അളവുകോലായി പരിഗണിക്കാം.

37. കേരളത്തിലെ നെല്ലുല്പാദനച്ചെലവ് ഇന്ത്യയിലെ അന്യസംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ വളരെ കൂടുതലായതുകൊണ്ട് നെൽകർഷകർക്ക് ഹ്രസ്വകാല സാമ്പത്തിക സഹായം നല്കേണ്ടത് ആവശ്യമാണ്. എങ്കിൽ മാത്രമേ കേരളത്തിലെ നെൽകർഷകന് മറ്റു നെൽകർഷകരോടൊപ്പം എത്താൻ കഴിയൂ. പ്രദേശികമായി ഉല്പാദനം വർദ്ധിപ്പിക്കണമെങ്കിൽ ഏറ്റവും നല്ല തന്ത്രം അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചും ഉല്പാദനത്തിനാവശ്യമായ ഉല്പാദകങ്ങൾ നല്കി സഹായിക്കുകയുമാണ്. കൊയ്ത്തു കഴിഞ്ഞ ഉടനെ വിലകൾ താഴുന്നത് ഒഴിവാക്കാൻ താങ്ങുവില ഏർപ്പെടുത്തണമെന്ന് കമ്മിറ്റി കരുതുന്നു. നെൽകർഷകർക്ക് സഹായം നല്കുന്നതിനും നെല്ലുല്പാദനം സുസ്ഥിരമാക്കുന്നതിനും മൂന്നു തരത്തിലുള്ള സമീപനമാണ് കമ്മിറ്റി ശുപാർശ ചെയ്യുന്നത്. ഒന്ന്, അടിസ്ഥാന സൗകര്യങ്ങളായ ജലസേചനം, ജലനിർഗ്ഗമനം, ജലം വറ്റിക്കൽ, കൃഷിയിടങ്ങളിലുള്ള റോഡുകൾ, കമ്പോളങ്ങൾ, ഗോഡൗണുകൾ എന്നിവ സർക്കാരിന്റെ കടമയാണ്. പക്ഷേ സർക്കാരിന്റെ കടമ മേൽപ്പറഞ്ഞ സൗകര്യങ്ങൾ ഏർപ്പെടുത്തുക മാത്രമാണ്. ഇവയുടെ പരിപാലനവും അറ്റകുറ്റപ്പണികളും കർഷക സംഘങ്ങളുടെ ഉത്തരവാദിത്തമാണ്. രണ്ട്, തൊഴിലാളികളുടെ ഉയർന്ന കൂലിക്ക് നഷ്ട പരിഹാരമായി നല്കുന്ന ഉല്പാദനസബ്സിഡി സംസ്ഥാനത്ത് നെൽകൃഷി ചെയ്യുന്ന സ്ഥലങ്ങളിലെ എല്ലാ കർഷകർക്കും ഹെക്ടറിന്റെ അടിസ്ഥാനത്തിൽ നല്കണം. കുട്ടനാട്, കോൾ പ്രദേശങ്ങൾ എന്നിവിടങ്ങളിൽ പാടത്തുനിന്ന് വെള്ളം വാർത്തുകളയുന്നതിന് പ്രത്യേക സഹായം നല്കണം. മൂന്നാമതായി, നെൽകൃഷി വ്യാപകമായിട്ടുള്ളതും കൂടുതൽ ഉല്പാദിപ്പിക്കുന്നതുമായി കണ്ടെത്തിയ സ്ഥലങ്ങളിൽ താങ്ങുവില നിശ്ചയിക്കണം.

38. ഇപ്പോൾ നിലവിൽ ഒട്ടേറെ സബ്സിഡികൾ ലഭ്യമാണ്. അവ ലഭിക്കാനായി കർഷകർക്ക് ധാരാളം സമയം ചെലവാക്കേണ്ടിവരുന്നു. അതുകൊണ്ട് കമ്മിറ്റി എല്ലാവിധത്തിലുള്ള സബ്സിഡികളും ഇല്ലാതാക്കണമെന്നും അതിന്റെ സ്ഥാനത്ത് സാക്ഷ്യപ്പെടുത്തിയ ഓരോ നെൽകർഷകനും ഓരോ വിളയ്ക്കും ഏക്കറിന് 1000 രൂപ (ഹെക്ടറിന് ഉദ്ദേശം 2500 രൂപ)

LIBRARY ARCHIVES Kerala Legislative Assembly

നല്കണമെന്നും ശുപാർശ ചെയ്യുന്നു. അർഹരായ കർഷകരുടെ പട്ടിക കൃഷിഭവനുകൾ ഓരോ സീസണിലും തയ്യാറാക്കേണ്ടതും ബന്ധപ്പെട്ട പഞ്ചായത്ത് അത് അംഗീകരിക്കേണ്ടതുമാണ്. ഗ്രൂപ്പ് ഫാമിംഗ് സൊസൈറ്റിയുടെ അടിസ്ഥാനത്തിലായിരിക്കണം വ്യക്തിപരമായി നൽകുന്ന നിവേദനത്തിന്റെ അടിസ്ഥാനത്തിലായിരിക്കരുത്. തയ്യാറാക്കുന്ന പട്ടിക സഹകരണ ബാങ്കുകൾക്ക് കൈമാറേണ്ടതും ബാങ്കുകൾ വിതരണം ചെയ്യുന്ന സഹായധനം കർഷകരുടെ ബാങ്ക് അക്കൗണ്ടിലോ ക്രഡിറ്റ് കാർഡിലോ രേഖപ്പെടുത്തേണ്ടതുമാണ്. കൂട്ട നാട്ടിലും കോൾപാടങ്ങളിലുമുള്ള കർഷകർക്ക് അധിക ധനസഹായം നല്കുന്നത് അവർ യഥാർത്ഥത്തിൽ കൃഷിയിറക്കിയ സ്ഥലത്തിന്റെ വിസ്തീർണ്ണം കൃഷിഭവനും ഗ്രാമപഞ്ചായത്തും നിശ്ചയിച്ചതിനു ശേഷമായിരിക്കും.

39. ഓരോ വർഷവും സംസ്ഥാന സർക്കാർ നെല്ലിന് താങ്ങുവില നിശ്ചയിക്കണം. ഇത് ഇന്ത്യാ ഗവൺമെന്റ് ഓരോ വർഷവും നിശ്ചയിക്കുന്നതിന്റെ 150 ശതമാനത്തിന് തുല്യമായിരിക്കണം. ആവശ്യമാണെങ്കിൽ അതാത് സീസണുമുമ്പായി കർഷക സംഘങ്ങൾ, സഹകരണ സംഘങ്ങൾ, അരി സംസ്കരണ മില്ലുകൾ, സിവിൽ സപ്ലൈസ് കോർപ്പറേഷൻ, സ്റ്റേറ്റ് വെയർഹൗസിങ്ങ് കോർപ്പറേഷൻ എന്നിവയെ ഉൾപ്പെടുത്തി നെല്ലിന്റെ സംഭരണത്തിനുള്ള തയ്യാറെടുപ്പ് നടത്തണമെന്ന് കമ്മിറ്റി ശുപാർശ ചെയ്യുന്നു. കൂടുതൽ വിഭവശേഷി ലഭ്യമാക്കുന്നതിന് വിലസ്ഥിരതാ നിധി (Price Stabilisation Fund) രൂപീകരിക്കണമെന്നും കമ്മിറ്റി ശുപാർശ ചെയ്യുന്നു.

40. ഇന്ത്യാ ഗവൺമെന്റ് സമഗ്രമായവിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയ കാര്യം കമ്മിറ്റി മനസ്സിലാക്കുന്നു. ഇത് രണ്ടുമൂന്ന് വർഷത്തിനകം രാജ്യത്തെ എല്ലാ ഭാഗത്തും എല്ലാ വിളകൾക്കും ബാധകമാകുന്നതാണ്. അതുകൊണ്ട് കമ്മിറ്റി പ്രത്യേക ശുപാർശകളൊന്നും ഇക്കാര്യത്തിൽ നല്കുന്നില്ല. എങ്കിലും നഷ്ടത്തിന്റെ ഭീതി ഒഴിവാകുന്നത് ഉല്പാദനം നിലനിർത്താൻ സഹായകമാകുമെന്ന് കമ്മിറ്റി കരുതുന്നു. പ്രകൃതി ക്ഷോഭമുൾപ്പെടെ പാടശേഖരങ്ങളിലുള്ള കീടങ്ങളുടേയും രോഗങ്ങളുടേയും ആക്രമണത്തിന് നഷ്ടപരിഹാരം നല്കുന്നതിനും, സഹായമെത്തിക്കുന്നതിനും ഒരു പ്രത്യേക സംവിധാനം വേണമെന്ന് കമ്മിറ്റി ശുപാർശ ചെയ്യുന്നു.

41. കമ്മിറ്റി കർഷക സമിതികൾക്ക് (Group Farming Society) പ്രചോദനം നല്കണമെന്ന് ശുപാർശ ചെയ്യുന്നു. ഇവ കർഷകർക്ക് സഹായമെത്തിക്കുന്ന അടിസ്ഥാന യൂണിറ്റുകളായിരിക്കണം. ഇവയെ പാടശേഖരകമ്മിറ്റികൾ, നെല്ലുല്പാദന സൊസൈറ്റികൾ തുടങ്ങിയ പല പേരുകളിലും അറിയപ്പെടുന്നു. സമിതിയുടെ ഐക്യത്തിനും പ്രവർത്തന സൗകര്യത്തിനും ഓരോ സമിതിയുടേയും അംഗസംഖ്യ 20 മുതൽ 40 ഹെക്ടർ വരെയുള്ള കൃഷിയിടങ്ങളിൽ 50 മുതൽ 100 വരെയാകാമെന്നാണ് ശുപാർശ.

LIBRARY ARCHIVES Kerala Legislative Assembly

42. കർഷക സംഘങ്ങൾ ശക്തമായതിനാലും പഞ്ചായത്തുരാജ് സ്ഥാപനങ്ങളുടെ ഇടപെടൽ വികസനപ്രവർത്തനങ്ങളിൽ ഉള്ളതിനാലും പുഞ്ച സ്പെഷ്യൽ ഓഫീസിന്റെ ആവശ്യമില്ലാതായിരിക്കുന്നു. ഇതിന്റെ കോട്ടം, ആലപ്പുഴ, തൃശ്ശൂർ എന്നിവിടങ്ങളിലെ ഓഫീസുകൾ നിർത്തലാക്കാവുന്നതാണ്. തർക്കങ്ങൾ പരിഹരിക്കാനുണ്ടെങ്കിൽ അവ പഞ്ചായത്തുരാജ് സ്ഥാപനങ്ങളെ ഏല്പിക്കാവുന്നതാണ്. അതുപോലെ കേരള ലാൻഡ് ഡെവലപ്പ്മെന്റ് കോർപ്പറേഷനും നിർത്തലാക്കുന്നത് ഗൗരവപൂർവ്വം ആലോചിക്കണം. സമീപകാലത്ത് മിച്ചഭൂമിയുടെ വിതരണം നാമമാത്രമായതുകൊണ്ട് ഓരോ ജില്ലയിലേയും ലാൻഡ് ട്രൈബ്യൂണലിന്റെ ഓഫീസുകളും നിർത്തലാക്കാം. ഇത്തരത്തിലുണ്ടാകുന്ന മിച്ചം സംസ്ഥാനത്തെ നെൽകൃഷി വികസനത്തിന് ഉപയോഗിക്കണം.

43. സംസ്ഥാനത്തെ നെൽകൃഷി സംബന്ധിച്ച വികസന പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും ഒരു നെല്ലുവികസന ബോർഡ് രൂപീകരിക്കണം. നെൽകൃഷിയെ സംബന്ധിച്ച ശാസ്ത്രീയ പഠനം, ആസൂത്രണം, നയരൂപീകരണം, വികസന പ്രവർത്തനങ്ങളുടെ വിലയിരുത്തൽ, ഭൂ-ജല മാനേജ്മെന്റ്, യന്ത്രവല്ക്കരണം, ഗുണമേന്മയുള്ള വിത്തുകളുടെ സാക്ഷ്യപ്പെടുത്തൽ, മെച്ചപ്പെട്ട വിളപരിപാലന മുറകൾ, വിഭവസമാഹരണം എന്നീ മേഖലകളിൽ ബോർഡിന് പ്രവർത്തിക്കാവുന്നതാണ്. വിലദൃഢതാനിധിയുടെ മാനേജ്മെന്റും ബോർഡിനെ ഏല്പിക്കാവുന്നതാണ്.

44. ബോർഡിന്റെ വികസന പ്രവർത്തനങ്ങൾക്ക് നെല്ല് വികസന ഫണ്ട് രൂപീകരിക്കണം. ബോർഡിന്റെ ഭരണപരമായ ചെലവ് കൃഷിവകുപ്പിന്റെ ബജറ്റിൽനിന്ന് സർക്കാർ തന്നെ വഹിക്കേണ്ടതാണ്. നെല്ല് വികസന ഫണ്ടിലേക്കുള്ള ധനസഹായം നേരിട്ടുള്ള സർക്കാർ ഗ്രാന്റ്, പ്രത്യേക പദ്ധതി ഗ്രാന്റ്, ഗ്രാമ പഞ്ചായത്തുകൾക്കും മറ്റും പദ്ധതി തയ്യാറാക്കുന്നതിൽ നിന്ന് ലഭിക്കുന്ന ഫീസ്, നെൽ വയലുകൾ പരിവർത്തനം ചെയ്യുന്നതിന് ചുമത്തുന്ന ലെവി, കേന്ദ്ര സർക്കാരിൽനിന്നും അന്താരാഷ്ട്ര ഏജൻസികളിൽ നിന്നും ലഭിക്കുന്ന ധനസഹായം എന്നീ ഇനങ്ങളിൽ നിന്നായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly